പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 526

27.9.2011-ലെ മറുപടിയ്ക്ക്

**റബ്ബറധിഷ്ഠിത വ്യവസായം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ വൻതോതിൽ റബ്ബർ ഉല്പാദിപ്പിക്കുന്നുവെങ്കിലും റബ്ബറധിഷ്ഠിത വ്യവസായങ്ങൾ വളരെ കുറവാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തികവും സാങ്കേതികവുമായ പ്രത്യേക സഹായങ്ങളോടെ റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റുകൾ കർഷകരുടെ കൂട്ടായ്മയിൽ ആരംഭിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതിക്കു രൂപം നൽകുമോ? | ബി) റബ്ബർ വ്യവസായ യൂണിറ്റുകൾ നേരിട്ട് ആരംഭിക്കാൻ വ്യവസായ വകുപ്പിന് ഉദ്ദേശമില്ല. എന്നാൽ റബ്ബറധിഷ്ഠിത വ്യവസായങ്ങളുടെ വികസനത്തിനും കൂടുതൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുമായി കിൻഫ്രയും റബ്ബർ ബോർഡും സംയുക്തമായി എറണാകുളം ജില്ലയിലെ ഐരാപുരത്ത് ഒരു റബ്ബർ പാർക്ക് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കിൽ ചെറുകിട ഇടത്തരം മേഖലകളിലെ റബ്ബറധിഷ്ഠിത വ്യവസായ സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ